(ഡി, ഇ) വകുപ്പുകളിൽ മാറ്റം വരുത്തിയിട്ടില്ല.

103 (121) ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ അക്രമം

ശ്രീ.കെ.പി.വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ തുടർന്ന് കണ്ണൂർ ജില്ലയിൽ ഇരിക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള മലപ്പട്ടം പഞ്ചായത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയായിരുന്ന സി.പി. അരവിന്ദന്റെ വാഴക്കൃഷിയും വസ്തുവകകളും നശിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉദ്ദേശം എത്ര രൂപയ്ക്കുള്ള നാശനഷ്ടവും സംഭവിച്ചതായിട്ടാണ് കണക്കാക്കുന്നത്;

(സി) കേസിലെ പ്രതികൾ ആരെല്ലാമാണ്;

(ഡി) പ്രസ്തുത പരാതിയിന്മേൽ എന്തു മേൽ നടപടികൾ സ്വീകരിച്ചുവെന്നും കേസ് ചാർജ്ജ് ചെയ്തുവെങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് ചാർജ്ജ് ചെയ്തതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി) കേസന്വേഷണം നടന്നു വരികയാണ്. അന്വേഷണം പൂർത്തിയായാലേ യഥാർത്ഥ നാശനഷ്ടം മുഴുവൻ പ്രതികളുടെയും പേരുകളും വ്യക്തമാകൂ.

104 (122) ബലാൽസംഗങ്ങൾ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ബലാൽസംഗങ്ങൾ നടന്നു; അതിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നവർ ഉൾക്കൊള്ളുന്ന ബലാൽസംഗങ്ങൾ എത്ര;

(ബി) ഈ കാലഘട്ടത്തിൽ 5 വയസ്സിനു താഴെയും അഞ്ചു വയസ്സു മുതൽ പത്തു വയസ്സു വരെയും പതിനൊന്നു വയസ്സു മുതൽ പതിനെട്ടു വയസ്സുവരെയും 19 വയസ്സു മുതൽ 30 വയസ്സു വരെയും, 31 വയസ്സു മുതൽ 60 വയസ്സു വരെയും, 61 വയസ്സു മുതൽ 80 വയസ്സു വരെയും പ്രായമുള്ള സ്ത്രീകൾ ഉൾപ്പെടുന്ന എത്ര വീതം ബലാൽസംഗം നടന്നുവെന്ന് പറയുമോ?

ഉത്തരം

(എ) ബലാൽസംഗം ചെയ്തതായി 2314 പരാതികൾ ലഭിക്കുകയും അതിൻമേൽ കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിൽ 526 പരാതികൾ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളിൽ നിന്നാണ്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly